# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 269 — 04/06/2018-ൽ മറുപടിയ്ക്ക്

### പകർച്ചപ്പനി വ്യാപനം തടയുന്നതിന് ആരോഗ്യജാഗ്രത പരിപാടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഹൈബി ഈഡൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) കഴിഞ്ഞ വർഷം പകർച്ചപ്പനി മൂലം ആയിരത്തോളം ആളുകൾ മരിച്ച സാഹചര്യത്തിൽ പകർച്ചപ്പനി വ്യാപനം തടയുന്നതിന് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യജാഗ്രത പരിപാടി ഈ വർഷം ആദ്യം മുതൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; | എ) പ്രഖ്യാപിച്ചിരുന്നു. |
| ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; | ബി) പകർച്ചവ്യാധി പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യപ്രവർത്തകരും ആരോഗ്യജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തു വരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.<br>പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ് തല ആരോഗ്യ ശുചിത്വ |

കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ-നിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐഎസ്എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്ത് വരുന്നുണ്ട്. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ കൈപ്പുസ്തകങ്ങൾ, പൊതു-ജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| **സി)** തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാലിന്യ നിർമ്മാർജ്ജനമുൾപ്പെടെയുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചിരുന്നുവെങ്കിലും ഫലപ്രദമായി ഇക്കാര്യത്തിൽ ഇടപെടുന്നതിന് ഇതേവരെ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ്; | **സി)** ഇത്തരം ശ്രമങ്ങൾ വിജയം കണ്ടുവരുന്നു. കേരളത്തിലെ ഉയർന്ന ജനസാന്ദ്രത മൂലം പല പ്രദേശങ്ങളിലും മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ പ്ലാസ്റ്റിക്കിന്റെ അനിയന്ത്രിതമായ ഉപയോഗം, ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം തുടങ്ങിയവയും പ്രധാന കാരണമായി കരുതാവുന്നതാണ്. പൊതുജനാരോഗ്യ മേഖലയിലെ കർശന നിയമങ്ങളുടെ അപര്യാപ്തതയും ഇത്തരം പ്രതിസന്ധിയ്ക്ക് ആക്കം കൂട്ടുന്നു. |

| | | |
|---|---|---|
| ഡി) | സംസ്ഥാനത്ത് നിന്ന് നിർമ്മാർജ്ജനം ചെയ്ത രോഗങ്ങളുടെ തിരിച്ച് വരവും നിപ്പ വൈറസ് പോലുള്ള പുത്തൻ രോഗങ്ങളുടെ ആവിർഭാവവും നാടിന്റെ ആരോഗ്യത്തിന് ഗുരുതരമായ ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ സ്ഥായിയായ എന്ത് നടപടിയാണ് ആരോഗ്യവകുപ്പ് കൈക്കൊള്ളുവാൻ ആലോചിക്കുന്നത് ? | ഡി) ഈ രണ്ട് പ്രതിഭാസങ്ങളും വികസ്വര രാജ്യങ്ങളുടെ വളർച്ചയ്ക്ക് വെല്ലുവിളിയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ശക്തമായ രോഗ നിരീക്ഷണ സംവിധാനങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഏതു രോഗവും നേരത്തേ കണ്ടുപിടിക്കുവാൻ എല്ലാ തരത്തിലുമുള്ള ആരോഗ്യ കേന്ദ്രങ്ങളിലും സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. ഇത്തരം പുതിയ രോഗങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യതയുള്ള ഘടകങ്ങൾ വിശദമായി അവലോകനം ചെയ്ത് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നു. മൃഗസംരക്ഷണ വിദഗ്ധരുമായി സംയുക്തമായ പ്രവർത്തനങ്ങൾ ആവശ്യമുള്ളപ്പോൾ നടത്തിവരുന്നു. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ശക്തമായ ദ്രുതകർമ്മസേന (RRT) ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. ഏതു രോഗചികിത്സയ്ക്കും ആവശ്യമായ ആധുനിക രോഗ നിർണ്ണയ സാമഗ്രികളും ഏറ്റവും പുതിയ മരുന്നുകളും ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**